"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിലെ ചോക്കാട് വില്ലേജ് ഓഫീസ് പ്രവർത്തിച്ചു വന്നിരുന്ന കെട്ടിടത്തിന് സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.1171/2026/RD തീയതി,തിരുവനന്തപുരം, 29-06-2026

---

പരാമർശം:-
1. 07.08.2017 തീയതിയിലെ സ.ഉ.(പി)നം.102/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 10.01.2022 തീയതിയിലെ സ.ഉ.(എം.എസ്)നം.1/2022/ പൊമവ നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 1.609.2025, 28.03.2026 തീയതികളിലെ എൽ.ആർ/7977/2024-എൽആർ(ജി7) നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിലെ ചോക്കാട് വില്ലേജാഫീസിന്റെ നിലവിലെ കെട്ടിടം സ്മാർട്ട് വില്ലേജ് ഓഫീസായി ഉയർത്തുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിനായി പൊളിച്ച് മാറ്റിയതിനാൽ, പ്രസ്തുത വില്ലേജ് ഓഫീസിന്റെ പ്രവർത്തനം 06/05/2021 മുതൽ 31/01/2024 വരെ ശ്രീ.ഹസ്സൻ, പുലത്ത് ഹൗസ് എന്നയാളിന്റെ ഉടമസ്ഥതയിലുള്ളതും, ചോക്കോട് വില്ലേജിൽ ബ്ലോക്ക് 134, റീ.സർവ്വേ 167/13 ൽ ഉൾപ്പെട്ട ചോക്കാട് ഗ്രാമ പഞ്ചായത്തിലെ 4/232-ാാാം നമ്പർ കെട്ടിടത്തിന്റെ 3 മുറികളിലായി പ്രവർത്തിച്ചു വന്നിരുന്നു.

2] പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ അനുവദനീയമായ കാർപ്പെറ്റ് ഏരിയയായ 42.82 ച.മീ നു ആനുപാതികമായി 3,841/- രൂപയും, കെട്ടിടത്തിന്റെ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 93.12 ച.മീ നു ആനുപാതികമായി 8,353/- രൂപയും വാടകയായി നിശ്ചയിച്ചിട്ടുള്ളത്. വില്ലേജ് ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ കാർപ്പെറ്റ് ഏരിയയ്ക്കുള്ള വാടകയായ 3,841/- രൂപ നിശ്ചയിച്ചു നൽകിയിട്ടുണ്ടെങ്കിലും ടി കെട്ടിടത്തിന്റെ ഒരു മുറിയ്ക്ക് മാത്രമേ പ്രത്യേകമായി വാതിലുള്ളൂവെന്നും ഈ മുറി വഴിയേ മറ്റ് മുറികളിൽ പ്രവേശിക്കുവാൻ സാധിക്കുകയുള്ളൂവെന്നും ഒരു മുറി മാത്രം ഒഴിവാക്കി വില്ലേജ് ഓഫീസ് പ്രവർത്തിപ്പിക്കുവാൻ കഴിയില്ലായെന്നും, ആയതിനാൽ വില്ലേജ് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനും, റവന്യൂ റിക്കാർഡുകൾക്ക് മതിയായ സംരക്ഷണം ഉറപ്പാക്കുന്നതിനും പൊതുജനങ്ങൾക്ക് തടസ്സമില്ലാത്ത സേവനം നൽകുന്നതിനും, മൂന്ന് മുറികളും കൂടിയുള്ള 93.12 ച.മീ സ്ഥലം അത്യാവശ്യമായിരുന്നുവെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ആയതിനാൽ ചോക്കാട് വില്ലേജ് ഓഫീസ് 06/05/21 മുതൽ 31/01/2024 വരെ പ്രവർത്തിച്ചു വന്നിരുന്ന കെട്ടിടത്തിന്റെ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയ്ക്കുള്ള വാടകയായ 8,353/-രൂപ (എണ്ണായിരത്തി

മുന്നൂറ്റി അൻപത്തിമൂന്ന് രൂപ മാത്രം) വാടക നിർണ്ണയിച്ച് നൽകണമെന്ന് റെന്റ് സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും സഹിതം, ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിലെ ചോക്കാട് വില്ലേജ് ഓഫീസ് 06/05/2021 മുതൽ 31/01/2024 വരെ പ്രവർത്തിച്ചു വന്ന കെട്ടിടത്തിന്റെ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 93.12 ച.മീ ന്ന ആനുപാതികമായി 8,353/- രൂപ (എണ്ണായിരത്തി മുന്നൂറ്റി അൻപത്തിമൂന്ന് രൂപ മാത്രം) സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിജു ജേക്കബ്
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, മലപ്പുറം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (REV-F2/334/2025-REV)

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
സെക്ഷൻ ഓഫീസർ
Date: 29-06-2026 17:51:50